"ഭരണഭാഷ - മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 21/06/2018

## പരിപത്രം

വിഷയം: പൊതുവിദ്യാഭ്യാസം- മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് അധ്യാപക പരിശീലനപരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകുന്നതു സംബന്ധിച്ച്

സൂചന: കണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27-03-2018 ലെ കത്ത് നമ്പർ ജി/5266/2017.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന 'മലയാളത്തിളക്കം' പോലുള്ള പരിശീലന പരിപാടികളിലും മറ്റ് അധ്യാപക പരിശീലന പരിപാടികളിലും സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അധ്യാപകരെ ഇപ്പോൾ പങ്കെടുപ്പിക്കുന്നില്ല. പ്രസ്തുത ദിവസങ്ങളിലെ വേതനം അവർക്കു നഷ്ടപ്പെടുമെന്നതിനാലാണ് ഇത് ചെയ്യാതിരിക്കുന്നത് എന്നാണ് പരാതികളിൽ നിന്ന് ലഭിക്കുന്ന വിവരം.

മേൽ സാഹചര്യത്തിൽ, മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അധ്യാപകരെ അവരുടെ നിയമന കാലയളവിൽ വരുന്ന എല്ലാ അധ്യാപക പരിശീലനപരിപാടികളിലും പങ്കെടുപ്പിക്കണമെന്ന് നിർദേശം നൽകുന്നു. പരിശീലനദിവസങ്ങളിൽ അവർക്കു വേതനത്തോടുകൂടിയ ഡ്യൂട്ടി അനുവദിക്കേണ്ടതാണ്.

JESSY JOSEPH
ADDITIONAL DIRECTOR(GEN)
(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

സ്വീകർത്താക്കൾ

1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിർമാർക്കും.
3) എല്ലാ പ്രധാനാധ്യാപകർക്കും.(ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്

1) സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, SSA, നന്ദാവനം, തിരുവനന്തപുരം
2) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് ,പൂജപ്പുര (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)